LIBRARY ARCHIVES Kerala Legislative Assembly

മാള കുടിവെള്ള പദ്ധതി

86 [1023] *ശ്രീ. ടി. യു. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാള 'കുടിവെള്ള പദ്ധതി' ഗവൺമെന്റിന്റെ 'ബഹുദൂരം അതിവേഗം' പദ്ധതിയിൽ ഉൾപ്പെടുത്തി ഈ വർഷം തന്നെ നടപ്പിലാക്കാൻ കഴിയുമോ; പ്രസ്തുത പദ്ധതിയുടെ നടപടിക്രമം ഏതുവരെ ആയി എന്ന് വെളിപ്പെടുത്തുമോ;

(ബി) മാള 'കുടിവെള്ള പദ്ധതി' എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ കഴിയും;

(സി) വരുന്ന വേനൽക്കാലത്ത് ഈ പദ്ധതിവഴി ജനങ്ങൾക്ക് കുടിവെള്ള വിതരണം നടത്തുവാൻ കഴിയുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 'അതിവേഗം ബഹുദൂരം' പദ്ധതിയിൽ മാള കുടിവെള്ള പദ്ധതിയെ ഉൾപ്പെടുത്താൻ കഴിയുകയില്ല. ഈ പദ്ധതി ഗ്രാമപഞ്ചായത്തുകളിൽനിന്നും ലഭിക്കുവാനുള്ള കുടിവെള്ളക്കരത്തിന്റെ കുടിശ്ശികയുടെ 50% ഉപയോഗിച്ച് പൂർത്തീകരിക്കാൻ ജലവിഭവ വകുപ്പുമന്ത്രിയുടെ ചേംബറിൽ 15-6-2005-ൽ കൂടിയ യോഗം തീരുമാനിച്ചിട്ടുണ്ട്. ഇതിനുവേണ്ടി ഗ്രാമപഞ്ചായത്തുകൾക്ക് അറിയിപ്പ് നൽകിയിട്ടുണ്ട്. 170 HP ശേഷിയുള്ള 2 മോട്ടോറുകൾ സ്ഥാപിക്കുന്ന പ്രവർത്തിക്കു വേണ്ടി മോട്ടോറുകൾ സപ്ലൈ ചെയ്തിട്ടുണ്ട്. പമ്പിംഗ് മെയിൻ സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള ടെന്റർ വിളിച്ചിട്ടുണ്ട്.

(ബി) & (സി) ഫണ്ട് ലഭ്യമാവുകയാണെങ്കിൽ പദ്ധതിയുടെ എല്ലാ പ്രവർത്തികളും 3/2006-ൽ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

നെല്ലിക്കാപൊയിൽ വാട്ടർസപ്ലൈ സ്കീം

87 [1024] *ശ്രീ. യു.സി. രാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം മണ്ഡലത്തിലെ മുക്കം ഗ്രാമപഞ്ചായത്തിലെ നെല്ലിക്കാപൊയിൽ വാട്ടർസപ്ലൈ സ്കീമിന്റെ പൈപ്പുലൈൻ നീട്ടി കൂടുതൽ ഗുണഭോക്താക്കൾക്ക് വെള്ളം ലഭ്യമാക്കണം എന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇത് യാഥാർത്ഥ്യമാക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ;

(സി) ഈ പ്രവർത്തി എന്ന് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കെ. റ്റി. സി. എസ്റ്റേറ്റിൽ കുഴൽകിണർ സ്രോതസ്സായുള്ള ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയിൽ നിന്നും പൈപ്പ്ലൈൻ നീട്ടി നെല്ലിക്കാപൊയിൽ ഭാഗത്ത് കൂടുതൽ ശുദ്ധജലം എത്തിക്കുവാൻ വേണ്ടിയുള്ള പദ്ധതിക്ക് എൻ. സി./ പി. സി. യിൽപ്പെടുത്തി അനുമതി നൽകിയിട്ടുണ്ട്. സപ്ലൈയിംഗ് ആന്റ് ലേയിംഗ് അടിസ്ഥാനത്തിൽ ഇത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ആറ് മാസത്തിനുള്ളിൽ പണി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളുടെ പുനരുദ്ധാരണം

88 {1025} *ശ്രീ. ബിനോയ് വിശ്വം:*
" *എം. കുഞ്ഞാപ്പ:*
" *മാങ്കോട് രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലനിധിയും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സഭയ്ക്ക് മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൊത്തം എത്ര ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികളുണ്ട്;

(ബി) ഇതിൽ പുനരുദ്ധാരണത്തിനായി എത്ര പദ്ധതികളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതികളുടെ പുനരുദ്ധാരണത്തിനായി എന്തു തുക നീക്കിവച്ചിട്ടുണ്ട്;

(ഡി) ഈ ജോലികൾക്കായി സഹകാര്യ കൺസൾട്ടൻസികളെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റി മുഖേന 1728 ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളും ജലനിധി പദ്ധതിയിൻകീഴിൽ 1384 ശുദ്ധജല വിതരണ പദ്ധതികളും കൊല്ലം ജില്ലാ പഞ്ചായത്ത് മുഖേന സെക്ടർ റിഫോംസ്-സുജൽധാരാ II പദ്ധതിയിൽ ഉൾപ്പെടുത്തി 230 ശുദ്ധജല വിതരണ പദ്ധതികളും കാസർഗോഡ് ജില്ലാപഞ്ചായത്ത് മുഖേന സെക്ടർ റിഫോംസ്-സുജൽധാരാ II പദ്ധതിയിൽ ഉൾപ്പെടുത്തി 279 ശുദ്ധജല വിതരണ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly